പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 138** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരികയാണ്. അക്കാദമിക് പലായനം കുറയ്ക്കുന്നതിനും പ്രാഗത്ഭ്യമുള്ള വിദ്യാർത്ഥികളെ കേരളത്തിൽ നിലനിർത്തുന്നതിനുമായി ആഗോളതലത്തിൽ മത്സരാധിഷ്ഠിത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് ശ്രദ്ധ നൽകുന്നതാണ്. വിദ്യാഭ്യാസത്തെ തൊഴിൽസാധ്യതകൾ ഉറപ്പാക്കുന്ന സംവിധാനമായും ഗവേഷണത്തിനും പുതുമയുള്ള ആശയങ്ങൾക്കും പ്രാധാന്യം നൽകുന്ന അന്തരീക്ഷമായും മാറ്റുന്നതിന് നടപടികൾ സ്വീകരിക്കും. നിർമ്മിത ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബയോടെക്നോളജി തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി Future Readiness Think Tank രൂപീകരിക്കും. കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സൗകര്യങ്ങൾ, Innovation Centres, Incubation Ecosystems എന്നിവ സംയോജിപ്പിച്ച Global Knowledge Exchange Park (KEP) സ്ഥാപിക്കുന്നതിനും Jawaharlal Nehru Centre for Scientific Temper തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

കൂടാതെ Institute of Human Resources Development (IHRD)-ന്റെ ഒരു Engineering College-ൽ Artificial Intelligence ഗവേഷണം, നവീകരണം, നൈപുണ്യ വികസനം, സാങ്കേതികവിദ്യ കൈമാറ്റം എന്നിവയ്ക്കായി ലോകോത്തര നിലവാരത്തിലുള്ള Centre of Excellence ആയി Kerala AI Research Centre (KAIRC) സ്ഥാപിക്കുന്നതും പരിശോധിച്ചുവരുന്നു.

**(ബി)** വിദേശ സർവകലാശാലകളുടെ മാതൃകയിൽ സ്റ്റുഡന്റ്സ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ ആവിഷ്കരിക്കുമോ; എന്തെല്ലാം നടപടികളാണ് അതിന് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർവകലാശാലകൾക്ക് ദേശീയ-അന്തർദേശീയ തലങ്ങളിലെ Academic Collaboration, Exchange Programmes, Joint Initiatives എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശ വിദ്യാർത്ഥികൾക്ക് കേരളത്തിൽ പഠനാവസരം ഒരുക്കുന്ന

“Semester in Kerala” പദ്ധതിയിലൂടെ അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തും. അന്താരാഷ്ട്ര അടിസ്ഥാനത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി Education Fairs സംഘടിപ്പിക്കുന്നതും പരിഗണനയിലാണ്. സംസ്ഥാന സർവകലാശാലകൾക്കിടയിൽ Student Credit Mobility ഉറപ്പാക്കുന്നതിനുള്ള ട്രാൻസ്ഫർ സംവിധാനവും നടപ്പിലാക്കും.

**(സി)** വിദേശ സർവകലാശാലകൾ നടപ്പിലാക്കുന്ന ഫെല്ലോഷിപ്പോടുകൂടിയ ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ ബിരുദങ്ങളുടെ മാതൃകയിൽ ഫെല്ലോഷിപ്പ് ഏർപ്പെടുത്തിക്കൊണ്ട് അന്തർദേശീയ തലത്തിൽ പ്രോഗ്രാമുകൾ വിഭാവനം ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അന്തർദേശീയ നിലവാരത്തിലുള്ള അക്കാദമിക് അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി Doctoral, Post-Doctoral Programmes ശക്തിപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി Ph.D. Scholars-ന് UGC/CSIR നിലവാരത്തിലുള്ള Fellowship പിന്തുണ നൽകുകയും Post-Doctoral Research പ്രോത്സാഹിപ്പിക്കുന്നതിനായി അധിക സാമ്പത്തിക സഹായം ഏർപ്പെടുത്തുകയും ചെയ്യും. Research, development & innovation പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അക്കാദമിക്, ഗവേഷണ പരിപാടികൾ വികസിപ്പിക്കുന്നതും ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**